"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - NABARD-RIDF Trache IX ൽ ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിലെ 'തോട്ടുമുക്കം-പനംപിലാവ്-പീടികപ്പാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി'- ബഹു.ഹൈക്കോടതിയുടെ 04.07.2018 ലെ WP(C) No. 26995/2014 മേലുള്ള വിധിന്യായം തീർപ്പാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.ഡി)വകുപ്പ്**

**സ.ഉ.(സാധാ) നം.699/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/03/2019

---

പരാമർശം:- 1 സ.ഉ(എം.എസ്)നം.4/2014/ത.സ്വ.ഭ.വ തീയതി 05.01.2014

2 17.06.2008-ലെ 24823/ഡിഡി1/07/തസ്വഭവ നമ്പർ സർക്കാർ കത്ത്

3 25.06.2009-ലെ 70922/ഡിഡി1/2008/തസ്വഭവ നമ്പർ സർക്കാർ കത്ത്

4 ബഹു.ഹൈക്കോടതിയുടെ 04.07.2018 ലെ WP(C) No. 26995/2014 മേലുള്ള വിധിന്യായം

<u>ഉത്തരവ്</u>

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം NABARD-RIDF Trache IX-ൽ ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിലെ 'തോട്ടുമുക്കം-പനംപിലാവ്-പീടികപ്പാറ' റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 1 2 5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ് (നോർത്ത്) സർക്കിൾ 10.06.2004 ലെ DC10/2390/2004 നമ്പർ കത്ത് പ്രകാരം 125 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. 22.06.2004 ൽ ടെണ്ടർ ചെയ്ത ടി പ്രവൃത്തി, 30.37 ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ വി.പി.ത്രിമതി എന്ന കോൺട്രാക്ടർക്ക് കരാർ നൽകി 05.11.2004-ൽ എഗ്രിമെന്റ് ഒപ്പുവയ്ക്കുകയും 06.11.2004-ൽ സൈറ്റ് കൈമാറി നൽകുകയും ചെയ്തു.

പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി എഗ്രിമെന്റ് പ്രകാരം 31.03.2005 ആയിരുന്നു. എന്നാൽ 31.03.2005നുള്ളിൽ കോൺട്രാക്ടർ പ്രവൃത്തി പൂർത്തിയാക്കിയില്ല. പൂർത്തീകരണ കാലാവധിക്കു ശേഷം, അതായത് 2005 ജൂലൈ മാസത്തിലുണ്ടായ ശക്തമായ മഴയിൽ റോഡിന്റെ ചില ഭാഗങ്ങളിൽ മണ്ണിടിച്ചിൽ ഉണ്ടായി. തുടർന്ന് 30.05.2006-ൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു നൽകണമെന്ന് കരാറുകാരൻ അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. 28.08.2006-ൽ റോഡിലുള്ള ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കോൺട്രാക്ടർ അപേക്ഷയും നൽകി. എഗ്രിമെന്റ് പ്രകാരം 31.03.2005-ൽ പണി പൂർത്തിയാക്കേണ്ടിയിരുന്നെങ്കിലും ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കാതെ കോൺട്രാക്ടർ 15.09.2006-ൽ 31.05.2007 വരെ സമയം നീട്ടി നൽകണമെന്ന് ആവശ്യപ്പെട്ടു. തുടർന്ന് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം 31.05.2007 വരെ സമയപരിധി നീട്ടി നൽകി. Revised estimate-ന് അംഗീകാരം ലഭിക്കാതെ വന്നതിനെ തുടർന്ന് 5/2007-ൽ കരാറുകാരൻ പണി നിർത്തിവച്ചു.

2. പരാമർശം (2) ലെ സർക്കാർ കത്ത് പ്രകാരം ടി പ്രവൃത്തിക്ക് നേരത്തേ ഭരണാനുമതി നൽകിയിട്ടുള്ള 1 2 5 ലക്ഷം രൂപയിൽ ലിമിറ്റ് ചെയ്തുകൊണ്ട് revised estimate-ന് സർക്കാർ അംഗീകാരം നൽകിയെങ്കിലും 1999-ലെ S o R വച്ച് പ്രവൃത്തി ചെയ്യാൻ കഴിയില്ല എന്ന നിലപാടിൽ കോൺട്രാക്ടർ ഉറച്ചു നിന്ന സാഹചര്യത്തിൽ പരാമർശം (3) ലെ സർക്കാർ കത്ത് പ്രകാരം പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ റിസ്ക് & കോസ്റ്റ് -ൽ അവസാനിപ്പിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകി. തുടർന്ന് 06.07.2009-ൽ കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്തത്തിലും (risk & cost) പ്രവൃത്തി ക്ലോസ് ചെയ്യുന്നതിന് ഗ്രാമ വികസന കമ്മീഷണർ, അരിക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം കരാറുകാരന് നോട്ടീസ് നൽകിയെങ്കിലും വർക്ക് ക്ലോസ് ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാതെ 14.11.2012-ൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും, ടി യോഗത്തിൽ ചെയ്ത പ്രവൃത്തിയുടെ തുക നൽകുന്ന മുറയ്ക്ക് ക്ലോഷർ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറാണെന്നും പ്രവൃത്തി തുടർന്ന് നടത്തുന്നതിന് താല്പര്യം ഇല്ലെന്നും കരാറുകാരൻ അറിയിച്ചു. അതുവരെ നിർവ്വഹിച്ച പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ 48,13,489/- രൂപയുടെ ബിൽ തയ്യാറാക്കി. ഇതിൽ 2 8 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് കരാറുകാരന് നേരത്തെ നൽകിയിട്ടുണ്ട്. വർഷങ്ങളായി പ്രവൃത്തി മുടങ്ങി കിടന്നതിനാൽ പ്രദേശവാസികൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്ത് ടി പ്രവൃത്തി

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് ടെണ്ടർ ചെയ്ത് പുതിയ കരാറുകാരനെ കൊണ്ട് പിന്നീട് നടപ്പിലാക്കിയിട്ടുണ്ട്.

3.ടി പ്രവൃത്തിയുടെ ബിൽ തുക ലഭ്യമാക്കുന്നതിനുവേണ്ടി കോൺട്രാക്ടർ ശ്രീ വി.പി.ത്രിമതി ബഹു.ഹൈക്കോടതിയിൽ 26995/2014 നമ്പരായി റിട്ട് പെറ്റീഷൻ ഫയൽ ചെയ്തു. ടി റിട്ട് പെറ്റീഷൻ പരിഗണിച്ച കോടതി താഴെപറയും പ്രകാരം 04.07.2018- ൽ ഉത്തരവായിട്ടുണ്ട്.

"........I direct the petitioner to make an appropriate representation detailing all his claims supported by reliable and cogent evidence before the competent Secretary of Government of Kerala within a period of two months from the date of receipt of a copy of this judgment. If such representation is received by the said Secretary within the time granted herein he will be enjoined to consider all the claims of the petitioner in terms of law, after affording an opportunity of being heard to him as well as to the representative of the 4th respondent Panchayat and thereafter issue an order thereon, adverting to the recommendations made by the 4th respondent in Ext. P15 resolution. Needless to say, the entitlement of the petitioner for further amount would depend upon the decision to be taken by the Secretary and if any amounts are so found due to the petitioner, necessary action shall be taken by the competent authority to disburse the same to the additional petitioner who is the son of the original petitioner."

4.ബഹു.ഹൈകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ Additional Petitioner ആയ ശ്രീ.വി.പി.ഹർഷദ് സർക്കാരിൽ നിവേദനം സമർപ്പിച്ചു. തുടർന്ന് ശ്രീ.വി.പി.ഹർഷദിനെയും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെയും 08/03/2019-ൽ നേരിൽ കേട്ടു. ശ്രീ.വി.പി.ഹർഷദിനു വേണ്ടി

അഡ്വക്കേറ്റ് പി.യു.വിനോദ് കുമാർ ഹിയറിംഗിന് ഹാജരായി. അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും ഹിയറിംഗിന് ഹാജരായിരുന്നു.

5.പെറ്റീഷണർക്ക് പ്രസ്തുത പ്രവൃത്തി ചെയ്ത വകയിൽ താഴെപറയുന്ന ക്ലെയിം അനുവദിക്കണമെന്ന് ഹിയറിംഗ് സമയത്ത് അഡ്വക്കേറ്റ് ആവശ്യപ്പെട്ടു.

- Total value of CC II & Part Bill - Rs. 34,82,778/-
- Total Payment received - Rs. 28,00,000/-
- Balance -Rs. 6,82,778/-
- Approximate amount of works done - Rs. 25,40,000/-
- Total Claim = Rs. 32,22,778 + interest @ 18% from 01.01.2008 to date of payment

6. ടി കേസിനാസ്പദമായ വസ്തുതകളും അരീക്കോട് ബ്ലോക്ക് പഞ്ചായത്തിലെ ബന്ധപ്പെട്ട ഫയലുകളും Ext. P15 resolution-ഉം വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തികരണ കാലാവധിയായ 31.03.2005 വരെ യാതൊരുവിധ പ്രകൃതി ക്ഷോഭവും, മണ്ണിടിച്ചിലും ഉണ്ടായിട്ടില്ല. 07/2005ലാണ് മഴയും മണ്ണിടിച്ചിലുണ്ടാകുന്നത്. കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി കോൺട്രാക്ടർ പൂർത്തീയാക്കിയിരുന്നെങ്കിൽ പിന്നീടുണ്ടായ സാഹചര്യങ്ങൾ ഒഴിവാക്കാമായിരുന്നു. ടിയാന് പിന്നീട് ദീർഘിപ്പിച്ചു നൽകിയ സമയപരിധിയിലും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. കരാറുകാരൻ പ്രവൃത്തി പകുതിവഴിയിൽ ഉപേക്ഷിച്ചതിനാലും തുടർന്നുണ്ടായ മഴക്കാലങ്ങളിലെ മണ്ണൊലിപ്പ് കാരണം റോഡിന്റെ അവസ്ഥ വളരെ ശോചനീയമായതിനാലും പ്രദേശ വാസികൾക്കുണ്ടായ ബുദ്ധിമുട്ട് പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് പ്രസ്തുത പ്രവൃത്തി ഏറ്റെടുത്ത് പുതിയ കരാറുകാരനെ കൊണ്ട് പൂർത്തിയാക്കുകയാണ് ചെയ്തിട്ടുള്ളത്. 28.08.2006-ലാണ് ഇലക്ട്രിസിറ്റി പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള അപേക്ഷ പോലും ടിയാൻ സമർപ്പിച്ചിട്ടുള്ളത്. എഗ്രിമെന്റ് പ്രകാരമുള്ള പൂർത്തീകരണ

കാലാവധിക്കുള്ളിൽ കരാറുകാരൻ വർക്ക് പൂർത്തിയാക്കിയില്ലെങ്കിൽ നിയമപ്രകാരം കരാറുകാരന്റെ ചെലവിലും ഉത്തരവാദിത്തത്തിലും (risk & cost) പ്രവൃത്തി terminate ചെയ്യുകയാണ് വേണ്ടത്. NABARD-RIDF Trache IX ൽ ഉൾപ്പെടുത്തി അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രസ്തുത 'തോട്ടുമുക്കം-പനംപിലാവ്-പീടികപ്പാറ റോഡ്' പുരുദ്ധാരണ പ്രവൃത്തി കരാറുകാരന്റെ risk & cost-ൽ അവസാനിപ്പിക്കുന്നതിനും NABARD-RIDF Tranche XV-ൽ ഉൾപ്പെടുത്തുന്നതിനു വേണ്ട പ്രപ്പോസൽ സമർപ്പിക്കുന്നതിനും 25.06.2009 ലെ 70922/ഡി.ഡി1./2008/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ഗ്രാമവികസന കമ്മീഷണർ 06.07.2009, 22.08.2009, 30.10.2009, 24.11.2009, 26.08.2014 എന്നീ തീയതികളിലെ കത്തുകൾ പ്രകാരം തുടർച്ചയായി മലപ്പുറം ദരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർക്ക് പ്രസ്തുത പ്രവൃത്തി കരാറുകാരന്റെ risk & cost-ൽ അവസാനിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൻ പ്രകാരമുള്ള യാതൊരു തുടർനടപടിയും പ്രോജക്ട് ഡയറക്ടറോ അരീക്കോട് ബ്ലോക്ക് പഞ്ചായത്തോ സ്വീകരിച്ചിട്ടില്ല. 30.37 ശതമാനം കുറവ് ക്വാട്ട് ചെയ്ത കോൺട്രാക്ടർ ക്വാട്ട് ചെയ്ത നിരക്കിൽ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ ബാധ്യസ്ഥനാണ്. എന്നാൽ ടിയാൻ 1999 ലെ SoR പ്രകാരം പ്രവൃത്തി ചെയ്യാൻ കഴിയില്ല എന്ന നിലപാടിൽ വർഷങ്ങളോളം പ്രവൃത്തി നിർത്തി വയ്ക്കുകയാണ് ഉണ്ടായത്. തുടർന്ന് പൊതുമരാമത്ത് വകുപ്പ് പ്രവൃത്തി ഏറ്റെടുത്ത് ടെണ്ടർ വിളിച്ച് പുതിയ കരാറുകാരനെകൊണ്ട് പ്രവൃത്തി നിർവ്വഹിച്ചിട്ടും കരാറുകാരന്റെ risk & cost-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാതിരുന്ന അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെയും മലപ്പുറം ദരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടറുടെയും നടപടി തികച്ചും നിരുത്തരവാദപരമാണ്. കരാറുകാരൻ ചെയ്ത ജോലിയുടെ ബില്ല് തയ്യാറാക്കി അത് മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ Ext.P15 റസല്യൂഷൻ പ്രകാരം (Resolution dated 14.11.2012) അരിക്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ചതും നിയമവിരുദ്ധമാണ്. risk & cost-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യാൻ 25.06.2009-ൽ സർക്കാർ നിർദ്ദേശം നൽകിയിട്ടും അതിനെതിരായി ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി resolution പാസാക്കിയപ്പോൾ അന്ന് ചാർജ്ജ്

വഹിച്ചിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കേരള പഞ്ചായത്ത് രാജ് ആക്റ്റ്, 1994, സെക്ഷൻ 182(3) പ്രകാരം വിയോജന കുറിപ്പ് രേഖപ്പെടുത്തി സർക്കാരിലേയ്ക്ക് റഫർ ചെയ്യേണ്ടിയിരുന്നു. ഇത്തരത്തിൽ ഒരു നടപടിയും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ സർക്കരിനുണ്ടായ സാമ്പത്തിക നഷ്ടം മുൻ കോൺട്രാക്ടറായ വി.പി.ത്രിമതിയിൽ നിന്നും നിയമപ്രകാരം ഈടാക്കേണ്ടതുണ്ട്.

7.മേൽ സാഹചര്യത്തിൽ, NABARD-RIDF Trache IX ൽ ഉൾപ്പെടുത്തിയിരുന്ന മലപ്പുറം ജില്ലയിലെ അരീക്കോട് ബ്ലോക്കിലെ 'തോട്ടുമുക്കം-പനംപിലാവ്-പീടികപ്പാറ' റോഡ് പുനരുദ്ധാരണ പ്രവൃത്തി കരാറുകാരന്റെ risk & cost ൽ terminate ചെയ്യുന്നതിനും പൊതുമരാമത്ത് വകുപ്പ് മുഖേന പ്രവൃത്തി പൂർത്തീകരിച്ച വകയിൽ സർക്കാരിനുണ്ടായ നഷ്ടം ആദ്യത്തെ കരാറുകാരനിൽ നിന്നും തിരിച്ചു പിടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതിനും അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി പരാമർശം (4) പ്രകാരമുള്ള വിധിന്യായം തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**മിനിമോൾ ഡി**
**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (with C/L),
ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം,
സെക്രട്ടറി, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം ജില്ലാ.
ശ്രീ. വി.പി.ഹർഷാദ്, S/o. Late V.P.Thrimathy, വലിയപീടികക്കൽ ഹൌസ്, എരഞ്ഞിക്കോട് (പി.ഒ.), എടവണ്ണ, മലപ്പുറം ജില്ല, 676541
അക്കൗണ്ടന്റ് ജനറൽ (ആഡിറ് /എ&ഇ), കേരള, തിരുവനന്തപുരം,
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ